# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1581 — 04.12.2015-ൽ മറുപടിയ്ക്ക്

## ആന്തൂർ മുനിസിപ്പാലിറ്റി ആസ്ഥാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| എ) | പുതുതായി രൂപീകരിച്ച ആന്തൂർ മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം എവിടെയാണ്; അവിടെ ആവശ്യമായ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ജീവനക്കാരുടെ നിയമന നടപടി എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ? | എ) | പുതുതായി രൂപീകരിച്ച ആന്തൂർ മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം ആന്തൂർ ആണ്. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവാകുന്നതു വരെ തളിപ്പറമ്പ് നഗരസഭാ സെക്രട്ടറി ആന്തൂർ നഗരസഭയുടെ ചാർജ്ജ് വഹിക്കുന്നതിനും, തളിപ്പറമ്പ് നഗരസഭയിലെ ജീവനക്കാരെ ഉപയോഗിച്ച് തന്നെ ഓഫീസ് നിർവ്വഹണം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.<br>25.11.2015-ലെ കോർഡിനേഷൻ കമ്മിറ്റിയുടെ 3.39 തീരുമാനപ്രകാരം പുതുതായി രൂപീകരിച്ച ആന്തൂർ നഗരസഭയ്ക്ക് ആവശ്യമായ സ്റ്റാഫിനെ ഡെപ്യൂട്ടേഷൻ/ മുനിസിപ്പാലിറ്റിയിൽ നിന്നും നിയമിക്കുന്നതിനും തളിപ്പറമ്പ് നഗരസഭയ്ക്ക് അനുവദിച്ച വികസനഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ജനസംഖ്യാനുപാതികമായി വീതിച്ച് നൽകുന്നതിനും പുതുതായി ട്രഷറി/ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിന് ആവശ്യമായ ഭേദഗതി വരുത്തുന്നതിനും, 10 ലക്ഷം രൂപയിൽ കവിയാത്ത തുകയ്ക്കുള്ള പുതിയ വാഹനവും വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ